## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2875

22.02.2016 –ൽ മറുപടിക്ക്

### ഡയറി പ്ലാൻ നടപ്പാക്കാനുള്ള കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മപദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനുവേണ്ടി ഡയറി പ്ലാൻ ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻ കീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000 ത്തോളം പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി കർഷകന് പാലിന്റെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനും പാലുല്പാദന വർദ്ധനവ് കൈവരിക്കുവാനും സാധിക്കുന്നു. ഈ പദ്ധതിയിൽ 31.03.2015 വരെ മലബാർ മേഖലയിൽ 15213 ഉം, തിരുവനന്തപുരം മേഖലയിൽ 13652 ഉം, എറണാകുളം മേഖലയിൽ 14072 ഉം കാലികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ്. ലക്ഷ്യമിടുന്നത്. 2013-2014 വർഷത്തിൽ തുടങ്ങി രണ്ടുവർഷം കൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം 31.03.2015 വരെ മലബാർ മേഖലയിൽ 36 ഉം,<br><br>തിരുവനന്തപുരം മേഖലയിൽ 16 ഉം, |

എറണാകുളം മേഖലയിൽ 19 ഉം സൊസൈറ്റികൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിന്റെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-2014 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ